ശ്രീ രാം ചന്ദ്ര മിഷൻ

ECHOES
ഇന്ത്യ
വാർത്താപത്രിക

# മാസ്റ്ററുടെ വാർത്തകൾ



## മോണ്ട്പീലിയർ, ഫ്രാൻസ് – 2015 ജനുവരി 7

ജനുവരി ഒന്നാം തീയ്യതിയായിരുന്നു അദ്ദേഹത്തിൻെറ സന്ദർശനത്തെക്കുറിച്ചുള്ള തികച്ചും അപ്രതീക്ഷിതമായ വിവരം ലഭിച്ചത്. മാസ്റ്ററെ വരവേൽക്കാൻ കഴിയുന്നത്ര സഹോദരീ സഹോദരന്മാരെ ക്ഷണിക്കുവാൻ പ്രാദേശിക അഭ്യാസികൾക്ക് സാധിച്ചു. ഫ്രാൻസിൽനിന്നും അയൽ രാജ്യങ്ങളിൽ നിന്നുമുള്ള തങ്ങളുടെ കുടുംബാംഗങ്ങൾക്കൊപ്പമെത്തിയ 800 അഭ്യാസികൾക്ക് താമസിക്കാനുള്ള സ്ഥലം ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ സജ്ജമായി.

കമലേഷ്ജി 3 സത്സംഗുകളിൽ ആദ്യത്തേത് രാവിലെ ഏഴരയ്ക്ക് പ്രാർത്ഥനാപൂർണ്ണമായ അന്തരീക്ഷത്തിൽ നടത്തി. പിന്നീടദ്ദേഹം പറഞ്ഞു: "...നിങ്ങളുടെ വികാരങ്ങൾ ദയവായി അടക്കിവെക്കരുത്. മാസ്റ്ററെക്കുറിച്ചോർക്കുന്ന നിമിഷത്തിൽ നിങ്ങൾക്ക് സന്തോഷംതോന്നുന്നുണ്ടെങ്കിൽ, സന്തോഷിക്കുക, അദ്ദേഹത്തിൻെറ വേർപാടിനെക്കുറിച്ചാർത്ത് സങ്കടം തോന്നുന്നുണ്ടെങ്കിൽ രണ്ടുതുള്ളി കണ്ണീർ വാർക്കുന്നതിൽ തെറ്റില്ല. വ്രണിതഹൃദയത്തോടെ, കൃതജ്ഞനിറഞ്ഞ ഹൃദയത്തോടെ, മന്ദഹസിക്കുന്ന ഹൃദയത്തോടെ, നമുക്കെല്ലായ്പ്പോഴും അദ്ദേഹത്തെ സ്മരിക്കാം. അദ്ദേഹം ഇപ്പോൾ കൂടുതൽ പ്രാപ്യനാണ്. കൂടാതെ അദ്ദേഹം നമ്മിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. ഇനി നമ്മൾ ചെയ്യേണ്ടത് എങ്ങനെ നമുക്കദ്ദേഹത്തിൽ ലയിക്കാം എന്നതാണ്. അത് നമ്മെയാശ്രയിച്ചിരിക്കും. എത്രയും പെട്ടെന്ന് നാമെല്ലാം ആ ലയാവസ്ഥയിലെത്താൻ ഞാൻ പ്രാർത്ഥിക്കുന്നു. ബാബുജി മഹാരാജ് ആഗ്രഹിക്കുന്നത്, മാസ്റ്റർ ആഗ്രഹിക്കുന്നത്, ഗുരുപരമ്പര ആഗ്രഹിക്കുന്നത് അദ്ദേഹത്തിൻെറ സാർവ്വലൗകിക സാന്നിധ്യത്തിൽ പൂർണ്ണമായും അലിഞ്ഞു ചേരുകയെന്നതാണ്. ഇതിനെയാണ് നാം ബ്രഹ്മവുമായുള്ള സമ്പൂർണ്ണ ലയനം എന്ന് വിളിക്കുന്നത്. പ്രാർത്ഥനകളോടെ, എല്ലാവർക്കും നന്ദി."

പെട്ടെന്നുള്ള അറിയിപ്പായിട്ടുകൂടി അത്രയും അഭ്യാസികൾ പങ്കെടുത്തത് തൻെറ ഹൃദയത്തെ എത്രമാത്രം സ്പർശിച്ചുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അദ്ദേഹം അത്യുജ്ജ്വലമായ ഒരു ദിവസം നമുക്ക് പ്രദാനം ചെയ്തതിൽ ആനന്ദിച്ച് കൃതജ്ഞതയോടെ എല്ലാവരും പിരിഞ്ഞുപോയി. എന്നാലത് മാത്രമല്ല, ആ ദിവസം പങ്കിടാൻ കൂട്ടമായി നാമെല്ലാം വന്നതിൽ അദ്ദേഹം നന്ദികൂടി അറിയിച്ചിരിക്കുന്നു!

### എഡിറ്റേർസ് നോട്ട്

നമ്മുടെ പ്രിയമാസ്റ്റർ ചാരിജിയുടെ ദേഹവിയോഗവുമായി പൊരുത്തപ്പെടുന്നതിനൊപ്പം നാം അദ്ദേഹത്തിൻെറ പിൻഗാമിയായ ബഹുമാനപ്പെട്ട കമലേഷ്ജിയെ അടുത്തറിയുകയുമാണ്. അഭ്യാസികൾ അദ്ദേഹത്തെ സമീപിക്കേണ്ട രീതിയിൽ വരുത്തേണ്ട മാറ്റങ്ങൾ, തങ്ങളുടെ സാധനയിൽ ശ്രദ്ധയൂന്നി മിഷനുവേണ്ടി ജോലി ചെയ്യേണ്ടതിൻെറ ആവശ്യകത തുടങ്ങിയകാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട് ഒട്ടും സമയം കളയാതെ തന്നെ അദ്ദേഹം തൻെറ ജോലിയാരംഭിച്ചു. അദ്ദേഹത്തിൻെറ ഫ്രാൻസ് സന്ദർശനം, ന്യൂജേഴ്സി സമ്മേളനം എന്നിവ മിഷൻെറ പ്രവർത്തനരീതിയിൽ ഇതിനകം തന്നെ മാറ്റം കൊണ്ടുവന്നിരിക്കുന്നു. ഈ സന്ദർശനങ്ങളുടെ പ്രധാന ഭാഗങ്ങൾ, മാസ്റ്റർ ന്യൂജേഴ്സിയിൽ നടത്തിയ പ്രഭാഷണങ്ങൾ എന്നിവ ഈ വാർത്താപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.



ശ്രീ രാം ചന്ദ്ര മിഷൻ

എക്കോസ് ഇന്ത്യ വാർത്താപത്രിക

**നമ്മുടെ പങ്കാളിത്തത്തെ കൂടുതൽ അഗാധമാക്കുവാനായി പ്രാർത്ഥനാ മനോഭാവത്തോടെയുള്ള ആത്മനിർദ്ദേശങ്ങൾ**

- 9 മണിക്കുള്ള സാർവലൗകീക പ്രാർത്ഥന – ഈ പ്രപഞ്ചത്തിൽ എങ്ങുമുള്ള എല്ലാ സഹോദരീ സഹോദരന്മാരിലും സ്നേഹവും ഭക്തിയും നിറയുന്നതായും, കൂടാതെ അവരുടെ ഹൃദയങ്ങളിൽ ശരിയായ വിശ്വാസം ദൃഡമായി വളരുന്നതായും സങ്കൽപ്പിക്കുക.
- എല്ലാ സഹോദരീ സഹോദരന്മാരും ഉചിതമായ ചിന്തനങ്ങളും, ശരിയായ ധാരണയും കൂടാതെ ജീവിതത്തിനോട് സത്യസന്ധമായ സമീപനവും വളർത്തിയെടുക്കുന്നു.
- നമുക്ക് ചുറ്റുമുള്ളതെല്ലാം തന്നെ ഈശ്വരീയ സ്മരണയിൽ അഗാധമായി ലയിച്ചിരിക്കുന്നു.
- ഈശ്വര സാക്ഷാത്കാരത്തിനായി അതി തീവ്രമായി ആഗ്രഹിക്കുന്ന എല്ലാ സഹോദരീ സഹോദരന്മാരും മഹാനായ നമ്മുടെ പ്രിയ മാസ്റ്ററിലേക്ക് ആകർഷിതരാകുന്നു. അവർ അദ്ദേഹത്തിന്റെ സ്വാധീനത്തിലേക്ക് എത്തിച്ചേരുന്നു. "അവർ എല്ലാവരും തന്നെ അങ്ങയുടെ കൃപയാൽ അനുഗ്രഹീതരാകട്ടെ" എന്ന പ്രാർത്ഥന നമ്മുടെ മാസ്റ്റർക്ക് നാം സമർപ്പിക്കുന്നു.

ജനുവരി 30, 31 തിയ്യതികളിൽ മൺറോ ആശ്രമത്തിൽ വെച്ച് നടത്തിയ മാസ്റ്ററുടെ പ്രഭാഷണങ്ങളിൽ നിന്നും. ഇതിന്റെ സമ്പൂർണ്ണ രൂപം ഇവിടെ ലഭ്യമാണ് –

http://www.sahajmarg.org/literature/online/speeches/newjersey-20150130

## അമേരിക്കയിലെ ഭണ്ഡാര

ശ്രീ രാംചന്ദ്ര മിഷന്റെ പ്രസിഡന്റും കൂടാതെ ആധ്യാത്മിക ഗുരുവുമെന്ന തന്റെ പുതിയ പദവിയിൽ വന്ന ശ്രീ കമലേഷ്ജിയോടൊപ്പം ജനുവരി 23 മുതൽ 25 വരെയുള്ള ദിവസങ്ങൾ ചിലവഴിക്കാൻ സാധിച്ചതിൽ വടക്കെ അമേരിക്കയിലെ അഭ്യാസികൾ അതീവ സന്തോഷത്തിലായിരുന്നു. ബസന്ത് പഞ്ചമിയോടനുബന്ധിച്ച് വന്ന, മുൻ തയ്യാറെടുപ്പുകളൊന്നും തന്നെയില്ലാതെയുള്ള, ന്യൂ ജേഴ്സിയിൽ വെച്ചു നടന്ന ഈ ഭണ്ഡാര, അക്ഷരാർത്ഥത്തിൽ 1100-ഇൽ കൂടുതൽ അഭ്യാസികൾ പങ്കെടുത്തൊരു വടക്കെ അമേരിക്കൻ സെമിനാറായി മാറി. അൻപത് വളന്റിയർമാരടങ്ങിയ ഒരു കേന്ദ്ര സംഘമാണ് എല്ലാ സൗകര്യങ്ങളുമൊരുക്കിയത്.

ഈ യോഗമൊരു ഹോട്ടലിൽ വെച്ചാണ് നടന്നത്. അത് ആ മൂന്ന് ദിനങ്ങളിൽ ശരിക്കുമൊരു ആശ്രമമായി മാറിയിരുന്നു. അതിന്റെ നൃത്തശാല വളരെ വിശാലവും മനോഹരവുമായൊരു ധ്യാനമന്ദിരമായി മാറി.



കമലേഷ്ജിയടക്കം പുറമേനിന്നും വന്ന മിക്കാവാറും എല്ലാ അഭ്യാസികളും അവിടെയാണ് തങ്ങിയത്.

വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്കു നടന്ന സത്സംഗത്തോടുകൂടിയാണ് യോഗം തുടങ്ങിയത്. അതിന് ശേഷം നൽകിയ ഹൃദയസ്പർശിയായ പ്രഭാഷണത്തിൽ കമലേഷ്ജി, ആത്മാർത്ഥമായ സാധനയുടെ അത്യാവശ്യകതയെക്കുറിച്ച് തന്റെ ഗുരുവായ ചാരിജിയുടെ ആഹ്വാനത്തെക്കുറിച്ച് പറഞ്ഞു. പൂജ്യ ചാരിജി തന്റെ ഡയറിയിൽ വളരെ സത്യസന്ധമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം അഭ്യാസികളോട് പൂർണ്ണമായും, പ്രത്യേകിച്ചും തങ്ങളോടുതന്നെ, സത്യസന്ധരായിരിക്കുവാൻ അനുശാസിച്ചു. പ്രഭാഷണത്തിന്റെ അവസാനം അദ്ദേഹം എല്ലാ അഭ്യാസികളോടും വെള്ളിയാഴ്ച്ച രാത്രി 9 മണിക്കുള്ള സിറ്റിംഗിനായി വീണ്ടും ഹാളിൽ കൂടിച്ചേരാൻ ക്ഷണിച്ചു.

ശനിയാഴ്ച്ച കാലത്ത് 7:15-ന, ബസന്ത് പഞ്ചമിയുടെ അവസരത്തിൽ, കമലേഷ്ജി കാനഡയിലെ ടൊറൊന്റൊ ആശ്രമത്തിന്റെ ഉദ്ഘാടനം ഇന്റർനെറ്റ് വഴി നിർവ്വഹിച്ചു. എകദേശം ഇരുന്നൂറോളം വരുന്ന കാനഡയിൽ നിന്നും അമേരിക്കയിൽ നിന്നുമുള്ള അഭ്യാസികളെ അഭിസംബോധന ചെയ്ത ശേഷം മികച്ചൊരു സിറ്റിംഗും നൽകി.

കാലത്ത് 9 മണിക്കുള്ള സത്സംഗത്തിനും ഒരു ലഘു പ്രഭാഷണത്തിനും ശേഷം, ഹൃദയസ്പർശിയായ സൗഹാർദ്ദത്താലും, നർമ്മത്തിൽ കലർന്ന നിർദ്ദേശങ്ങൾ നൽകിയും അഭ്യാസികളുമായി ഇടപഴകിക്കൊണ്ട് കമലേഷ്ജി റജിസ്ട്രേഷൻ കൗണ്ടറിലിരുന്നുകൊണ്ട് ഈ വർഷം പ്രസിദ്ധീകരിക്കുവാൻ പോകുന്ന, പൂജ്യ ലാലാജിയുടെ ജീവിതത്തെ ആധാരമാക്കിയുള്ളൊരു പുസ്തകത്തിന്റെ ഓർഡറുകളെടുത്തു. തുടർന്നദ്ദേഹം എകദേശം 150-ഓളം പ്രിഫക്ടുമാരുമായി കൂടിക്കാഴ്ച്ച നടത്തി. അതിലദ്ദേഹം, സഹജമാർഗ്ഗത്തിലെ ഗുരുപരമ്പര അനുവദിച്ചിട്ടുള്ള, ബാബുജി അടുത്ത കാലങ്ങളിൽ നൽകിയ സന്ദേശങ്ങളിൽ





സൂചനകൾ നൽകിയത്പോലുള്ള, മിഷനിൽ വരുത്താൻ പോകുന്ന മാറ്റങ്ങളെക്കുറിച്ച് സംസാരിച്ചു.

മാറുന്നകാലത്തിനൊപ്പം ചുവടുവെയ്ക്കാൻ ആത്മീയാന്വേഷികൾക്ക് ലളിതമായ രീതികൾ പകർന്നുനൽകേണ്ടതുണ്ടെന്നും ധ്യാനിക്കുന്നതിനും അതിലൂടെ ഉളവാകുന്ന മാറ്റങ്ങൾ സ്വയം അനുഭവിച്ചറിയുന്നതിനും അവരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. സന്നിഹിതരായ മുഴുവൻ പ്രിഫക്റ്റുകൾക്കും അദ്ദേഹം സിറ്റിംഗ് നൽകി. തുടർന്ന് രാത്രി എട്ടു മണിയ്ക്ക് അദ്ദേഹം പുതിയ അഭ്യാസികൾക്കായ് ഒരു സമ്മേളനം നടത്തി. രാത്രി ഒൻപതു മണിയുടെ സത്സംഗത്തോടെ അന്നത്തെ പരിപാടികൾ അവസാനിപ്പിച്ചു.

ഞായറാഴ്ച്ച രാവിലെയുള്ള സത്സംഗത്തിനു ശേഷം കമലേഷ്ജി ഒരു ചോദ്യോത്തരവേള സംഘടിപ്പിച്ചു. പുതിയ മാസ്റ്റർക്കും അഭ്യാസികൾക്കും ഇടയിലുള്ള ആത്മബന്ധം ഓരോരുത്തർക്കും അനുഭവവേദ്യമായി. സ്നേഹവും ഫലിതവും ക്ഷമയും ആനന്ദവും അവിടം നിറഞ്ഞു നിന്നു. കൂടാതെ ആഴമാർന്ന പരിശീലനത്തിനും ആന്തരീകവത്കരണത്തിനും ചിന്തയിലൂടെ മാസ്റ്ററുമായുള്ള നിരന്തരബന്ധത്തിനും അഭ്യാസികൾ പ്രതിബദ്ധരായി. സമ്മേളനം പുരോഗമിച്ചു കൊണ്ടിരിക്കേ ധാരാളം അഭ്യാസികൾ കമലേഷ്ജിയിൽ കണ്ടത് ചാരിജിയുടെ യഥാർത്ഥ പ്രതിഫലനമാണു സമ്മേളനത്തിൻെറ അവസാനമാവുമ്പോഴേയ്ക്കും അഭ്യാസികളിലൂറിയ കണ്ണുനീർ ആ അനുഭവം എത്രമാത്രം ഹൃദയസ്പർശിയാണെന്ന് വിളിച്ചോതുന്നുണ്ടായിരുന്നു. ഒരു അഭ്യാസി പറഞ്ഞു, “എനിയ്ക്കു ഹൃദയത്തിൽ അനുഭൂതമായി, അവർ ശരിയ്ക്കും ഒന്നാണ്.”

സമ്മേളന സ്ഥലത്തുനിന്നും കമലേഷ്ജി നേരെ പോയത് അടുത്തുള്ള മൺറോ ആശ്രമത്തിലേക്കാണ്. തദ്ദേശീയരായ സന്നദ്ധപ്രവർത്തകരും അദ്ദേഹത്തെ അനുഗമിച്ചു. അവിടെ അദ്ദേഹം അവർക്ക് സിറ്റിംഗ് നൽകി പിന്നീട് അവരോടൊപ്പം ഭക്ഷണം കഴിച്ചശേഷം താമസസ്ഥലത്തേയ്ക്ക് മടങ്ങി.

## സഹജ്സന്ദേശിൽ നിന്ന് .

### 2015 ഫിബ്രവരി 12

യു.എസ്.എയിലെ ന്യൂജഴ്സിയിൽ ജനുവരി 23 മുതൽ 25 വരെയും മാർച്ച് 1 മുതൽ 3 വരെയും നടന്ന രണ്ട് സെമിനാറുകൾ ഞങ്ങളിൽ അദ്ഭുതാഹ്ലാദങ്ങളുളവാക്കി, രണ്ടു സന്ദർഭങ്ങളും ഏറെ സവിശേഷതയാർന്നവയായിരുന്നു. ജനുവരി 27നു മടങ്ങണമെന്നാണു തീരുമാനിച്ചതെങ്കിലും ചില കാര്യങ്ങൾ ചെയ്തുതീർക്കാനുള്ളത് കൊണ്ട് എനിയ്ക്ക് അതിനു കഴിഞ്ഞില്ല. പിന്നീട്, മടക്കയാത്ര ഫിബ്രവരി നാലിനാകാമെന്ന് തീരാമാനിച്ചെങ്കിലും പനി കാരണം അതിനും കഴിഞ്ഞില്ല.

ഭാഗ്യത്തിന് എൻെറ ആരോഗ്യത്തിൽ ഗണ്യമായ പുരോഗതിയുണ്ടായി. അങ്ങനെ ഞാൻ ഫിബ്രവരി 9ന് അവിടെ നിന്ന് പുറപ്പെടുകയും ഫിബ്രവരി 10ന് രാത്രി മണപ്പാക്കത്ത് എത്തുകയും ചെയ്തു.

ന്യൂജേഴ്സിയിലെ രണ്ടു സെമിനാറുകളിലും നമ്മുടെ സാധനയുടെ വിവിധ വശങ്ങൾ ചർച്ചചെയ്തു. അവ ഇപ്പോൾ സഹജസന്ദേശത്തിലൂടെ ലഭ്യമാണ്. ശുപാർശ ചെയ്യപ്പെട്ട പ്രാർത്ഥനാനിർഭരമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നമ്മുടെ ഇടപെടലിൻെറ ആഴംകൂട്ടാമെന്നും ഈ നിർദ്ദേശങ്ങളെ പുൽകുന്നവർ ധനാത്മകമായ മാറ്റങ്ങൾക്ക് സാക്ഷികളാകുമെന്നും എനിക്കുറപ്പുണ്ട്.

ഇപ്പോൾ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ 25 ഐ.എസ്.എ.ഡബ്ല്യൂ വിദ്യാർത്ഥികളുണ്ട്. അവരുടേതായ പ്രദേശങ്ങളിൽ പ്രിഫക്ട് ആയി പ്രവർത്തിക്കാനുള്ള പരിശീലനം നൽകുകയാണ്. ഫിബ്രവരി 15ന് ഈ പരിപാടി സമാപിക്കും. കൂടാതെ തെക്കേ അമേരിക്കയിൽ നിന്നുള്ള നൂറിലധികം പേരും പങ്കെടുക്കുന്നുണ്ട്. അവർക്കുള്ള പ്രത്യേക പരിപാടികൾ ഫിബ്രവരി 14 വരെ തുടരുന്നതാണ്.

സ്നേഹത്തിനും അനുഗ്രഹത്തിനും പ്രിയ മാസ്റ്ററോട് പ്രാർത്ഥിച്ചുകൊണ്ട്,

കമലേഷ് ജി പട്ടേൽ.



“....അതുകൊണ്ട് എനിക്ക് അവസാനമായി നിങ്ങളോട് പങ്കുവെയ്ക്കാനുള്ളത് ഈയൊരു ചെറിയ കാര്യം മാത്രമാണ്. മാസ്റ്ററുമായി ബന്ധം സ്ഥാപിക്കാനുള്ള ഒരൊറ്റ സഞ്ചാരപഥം മാത്രം. മറ്റെല്ലാം ഇതിനു തുണയാകും തരത്തിലുള്ളവമാത്രം. യാതൊന്നാണോ എൻെറ ശ്രമങ്ങളെ അലസമാക്കുന്നത്, ഗുരുവുമായുള്ള എൻെറ ബന്ധത്തെ ദുർബലമാക്കുന്നത്, അത് ഞാൻ ത്യജിക്കുക തന്നെ വേണം. ഇതാണ് അറിവ്. ഇത് തിരിച്ചറിയണമെങ്കിൽ വസ്തുതകൾ യഥാവിധി വിവേചിച്ചറിയാൻ എനിക്ക് സാധിക്കണം.”

കമലേഷ്ജി,

മൺറോ ആശ്രമം. 2015 ഫിബ്രവരി 2.

ശ്രീ രാം ചന്ദ്ര മിഷൻ

എക്കോസ് ഇന്ത്യ വാർത്താപത്രിക

# പൂജ്യ ലാലാജി മഹരാജിൻെറ 142–ാം ജന്മവാർഷികാഘോഷങ്ങൾ

പൂജ്യ ലാലാജിയുടെ 142–ാം ജന്മവാർഷികാഘോഷം 3 ദിവസത്തെ വികേന്ദ്രീകൃത ഉത്സവമായി രാജ്യത്തെ വിവിധ ആശ്രമങ്ങളിൽ ആഘോഷിച്ചു. തണുത്തുറഞ്ഞ പ്രഭാതമായിരുന്നിട്ടും സമീപത്തുള്ള സെൻററുകളിൽനിന്നും അഭ്യാസികൾ ഈ മഹനീയമായ ആഘോഷങ്ങളിൽ പങ്കുചേരുവാൻ ആശ്രമങ്ങളിലെത്തിച്ചേർന്നു. നാനാവിധ പ്രവർത്തനങ്ങളാൽ ആശ്രമങ്ങൾ മുഖരിതമായി. ലാലാജിയുടെ ജീവിതവും ദർശനവും, സംഭാഷണത്തിൻെറ ആശയങ്ങൾ, സ്വഭാവരൂപീകരണം, ആന്തരീകാന്വേഷണം, തുടങ്ങിയവയായിരുന്നു ചർച്ച ചെയ്യപ്പെട്ട ചില വിഷയങ്ങൾ. നൃത്തം, ഗാനങ്ങൾ, ലഘുനാടകങ്ങൾ എന്നിവയുമായി കുട്ടികളും യുവാക്കളും ആഘോഷത്തിൽ സജീവമായി പങ്കെടുത്തു. മാസ്റ്റർമാരുടെ ദിവ്യാനുഗ്രഹത്തിൽ മുഴുകിയിരിക്കുവാൻ എല്ലാവർക്കും ഇതൊരവസരമായി. വിവിധ കേന്ദ്രങ്ങളിൽ നിന്നും ധാരാളം റിപ്പോർട്ടുകൾ എക്കോസ് ടീമിനു ലഭിച്ചിരുന്നു. അതിൽ ചില ഫോട്ടോകൾ താഴെ കൊടുക്കുന്നു.


അലാഹബാദ്


ബുബനേശ്വർ


ജോധ്പൂർ


ഈറോഡ്


ഗാസിയാബാദ്


കൊൽകത്ത


ജയ്പൂർ


സോനീപത്


പയ്യന്നൂർ


ഖരഗ്പൂർ


ഹുബ്ലി


വഡോദര


മീററ്


ലക്നൗ


മധുരൈ


ഡൽഹി


തിരുപ്പൂർ

## യു-കണക്ട് പ്രവർത്തനങ്ങൾ

മിഷൻെറ സംരംഭമായ യു-കണക്ടിൻെറ കീഴിൽ നടത്തുന്ന വ്യക്തിത്വ വികസന പരിപാടി, 2013 ഏപ്രിലിൽ തുടങ്ങിയതു മുതൽ ഇന്ത്യയിലും ലോകത്തിൻെറ മറ്റ് ഭാഗങ്ങളിലും പ്രചരിച്ചു വരികയാണ്. പുതിയ ആശയങ്ങളും പ്രവൃത്തിരീതികളും അവതരിപ്പിച്ചതുകൊണ്ട് മാസ്റ്ററുടെ ജോലിയിൽ ഉൾപ്പെടാനും പങ്കെടുക്കുവാനുമുള്ള സാദ്ധ്യത വിപുലമായി. വിപുലീകരിച്ച സാദ്ധ്യതകളുടെ വെളിച്ചത്തിൽ, നിരവധി മാറ്റങ്ങൾ പ്രാബല്യത്തിൽ വരുന്നതാണ്. യു-കണക്ട് കോ-ഓർഡിനേറ്റർമാരോടും, നിർവാഹകരോടും, സേവകരോടും നിരന്തരം വിവരങ്ങൾ പുതുക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

യു-കണക്ട് സംഘടന 15 മണ്ഡലങ്ങളായി വിഭജിച്ചിരിക്കുകയും അതാതു മണ്ഡലങ്ങളിലെ കോ-ഓർഡിനേറ്റർമാർ സെൻറർ-ഇൻ-ചാർജ്, സോണൽ-ഇൻ-ചാർജ് എന്നിവരുമായി ഒന്നിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതിനു പരിശീലനം കൊടുക്കുവാനും നിരന്തരം മെച്ചപ്പെടുത്തുവാനും മണപ്പാക്കത്ത് ഒരു യു-കണക്ട് സഹായ സംഘടന രൂപീകരിച്ചിട്ടുണ്ട്. ഇപ്പോഴുള്ള പഠന സാമഗ്രികളെല്ലാം ഞങ്ങൾ ഹിന്ദിയിലേക്കു തർജ്ജമ ചെയ്തുകൊണ്ടിരിക്കുകയാണ്.

ഈ സംരംഭത്തിൽ പങ്കെടുക്കുവാൻ തൽപര്യമുള്ളവർ താഴെ കാണുന്ന വെബ്സൈറ്റിൽ പേരു കൊടുക്കുക

http://www.sahajmarg.org/resources/programs/uconnect

കഴിഞ്ഞ കുറച്ചു മാസങ്ങളായി നടത്തി വരുന്ന നിരവധി പരിപാടികളുടെ പ്രധാന ഭാഗങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

***ഗുജറാത്തിലെ സൂരത്തിൽ*** ഉള്ള "ഉക ടർസാടിയ" യുണിവേർസിറ്റിയിലെ മലിബ കാമ്പസ്സിൽ ആദ്യത്തെ യു-കണക്ട് പരിപാടി തുടങ്ങിയിട്ട് രണ്ട് വർഷത്തിലേറെയായി. ആദ്യത്തെ വ്യക്തിത്വ വികസന പരിപാടി നടത്തിയത് യുണിവേർസിറ്റിയിലെ അദ്ധ്യയന വിഭാഗത്തിലുള്ള 250 അംഗങ്ങൾക്കാണ്. നാളിതുവരെ നൂറിലധികംപേരെ ചിട്ടയോടുകൂടിയ ധ്യാനത്തിലേക്കു കൊണ്ടുവരാൻ സാധിച്ചു. ശനിയാഴ്ച ഉച്ചതിരിഞ്ഞുള്ള കൂട്ടായ ധ്യാനത്തിൽ 30-40 പേർ പങ്കുകൊള്ളാറുണ്ട്. രണ്ടു


സിലിഗുഡി

വർഷത്തെ കാലയളവിൽ ഈ വ്യക്തിത്വ വികസന പരിപാടി എട്ട് കോളേജുകളിൽ നടത്തപ്പെട്ടു. ഏകദേശം 350 വിദ്യാർത്ഥികളെ സഹജ മാർഗത്തിലേക്കു പ്രവേശിപ്പിക്കുവാൻ സാധിച്ചു. പ്രവൃത്തി ദിവസങ്ങളിൽ വിദ്യാർത്ഥികൾക്കായി ചെറിയ ബാച്ചുകളിൽ സത്സംഗങ്ങൾ നടത്താറുണ്ട്. യു-കണക്ട് മുൻകൈയെടുത്തു ആവശ്യപെട്ടതനുസരിച്ച് യുണിവേർസിറ്റി ധ്യാനത്തിനായി ഒരു വേദി അനുവദിക്കാം എന്നു വാഗ്ദാനം ചെയ്തിരുന്നു. തത്ഫലമായി 2015 ജനുവരി 15നു, ഒരു ധ്യാനകേന്ദ്രം ഔപചാരികമായി ഉത്ഘാടനം ചെയ്യപ്പെട്ടു. അഭ്യാസികൾ അവിടെ ഒരു ലൈബ്രറിയും പണിയുന്നുണ്ട്. ഈ ലൈബ്രറിയിലേക്ക് SHPT അടുത്ത കാലത്ത് പുസ്തകങ്ങൾ സംഭാവന ചെയ്തു.

**മഹാരാഷ്ട്രയിലെ പൂനെ**യിൽ ജനുവരി 1നു ഇന്ത്യൻ റയിൽവേയിലെ ഉദ്യോഗസ്ഥർക്കായി ഒരു മുഴുദിന സെമിനാർ, ഇന്ത്യൻ റയിൽവേ ഇൻസ്റ്റിട്യൂട് ഓഫ് സിവിൽ എൻജിനീയറിംഗ്, പൂണെയിൽ വച്ചു നടത്തി. സഹോദരൻ ഹർഷൽ ജവാലെ നടത്തിയ ഈ സെമിനാറിൽ മൂല്യങ്ങൾക്കും ധർമ്മത്തിനും ഊന്നൽകൊടുത്തു.

**മദ്ധ്യപ്രദേശിലെ വിദിഷ**യിൽ, യു-കണക്ട് സംഘം ഗവൺമൻറ് ഗേൾസ് കോളേജിൽ ജനുവരി 18 നു ഒരു വ്യക്തിത്വ വികസന പരിപാടി ആരംഭിച്ചു. ഈ പരിപാടിയിൽ 100 വിദ്യാർത്ഥികളും 10 അദ്ധ്യാപകരും പങ്കെടുത്തു.

ചണ്ഢീഗഢ്, ഹരിയാണ, തമിഴ്നാട്, ഇന്ദോർ, രാജസ്ഥാൻ, സിക്കിം എന്നിവിടങ്ങളിൽ പല കാര്യപരിപാടികളും നടന്നുകൊണ്ടിരിക്കുന്നുണ്ട്. നിരവധി സ്ഥലങ്ങളിൽ യു-കണക്ട് പരിശീലകവൃന്ദവും ഉണ്ട്.



മലിബ


വിദിഷ

ശ്രീ രാം ചന്ദ്ര മിഷൻ

എക്കോസ് ഇന്ത്യ വാർത്താപത്രിക

## അഖിലേന്ത്യ പ്രബന്ധരചന പരിപാടി – 2014

ഈ വർഷത്തെ അന്തർദേശീയ യുവജന ദിനാഘോഷം അഖിലേന്ത്യാ പ്രബന്ധരചന പരിപാടിയോടുകൂടി എസ്.ആർ.സി.എമ്മിൻെറയും യുണൈറ്റെട് നാഷൻസ് ഇൻഫൊർമേഷൻ സെൻററുടെയും (യു.എൻ.ഐ.സി.) ഭാരത–ഭൂട്ടാൻ കൂട്ടായ്മയുടെ പത്താം വാർഷികാഘോഷമായി ശ്രദ്ധേയമായി. വിഷയങ്ങൾ ഇവയായിരുന്നു: വിഭാഗം 1 (9 മുതൽ 12 വരേയുള്ള ക്ലാസ്സ് വിദ്യാർത്ഥികൾ) ഷേക്ക്സ്പിയറുടെ ഒരു ഉദ്ധരണി: “ഇത് എല്ലാത്തിനും ഉപരിയാണ്: നിങ്ങൾക്കുവേണ്ടി സ്വയം സത്യസന്ധരായിരിക്കുക”. വിഭാഗം 2 (ബിരുദവിദ്യാർഥികൾക്കും ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കും): വിഷയം ഒരു സമാന പ്രമേയമായിരുന്നു: “മാനുഷികമൂല്യമുള്ളവരാകുവാൻ സത്യസന്ധരായിരുക്കുക”. ഇരു വിഭാഗക്കാർക്കും അവരവരുടെ വിഷയത്തിൽ ഗവേഷണം നടത്തുവാനും ചർച്ച ചെയ്യുവാനും സ്വാതന്ത്ര്യമുണ്ടായിരുന്നു, എന്നാൽ അവരിൽനിന്നും സ്വന്തം കൈപ്പടയിൽ എഴുതിയ മൂലലേഖനം പ്രതീക്ഷിച്ചിരുന്നു. എസ്.ആർ.സി.എം. താൽപര്യമുള്ള സ്ഥാപനങ്ങളേയും അവിടത്തെ വിദ്യാർഥികളേയും പങ്കെടുക്കുവാൻ ക്ഷണിക്കുന്നുണ്ടെങ്കിലും ഒരിക്കലും അതുമായി ബന്ധപ്പെട്ട ഒരു സ്തിഥിവിവര കണക്കുണ്ടാക്കുവാൻ ശ്രദ്ധിച്ചിട്ടില്ല, എങ്കിലും ഇരു വിഭാഗങ്ങളിൽനിന്നുമുള്ള പങ്കെടുപ്പ് കൊല്ലങ്ങളായി സ്ഥിരമായി ഉയർന്നുകൊണ്ടിരിക്കുന്നു. ഈ കൊല്ലം ഒന്നാം വിഭാഗത്തിൽ 9,841 സ്കൂളുകളിൽ നിന്നായി 164,475 വിദ്യാർഥികളും രണ്ടാമത്തെ വിഭാഗത്തിൽ 2,016 സ്ഥാപനങ്ങളിൽനിന്നായി 21,276 വിദ്യാർഥികളും ചേർന്ന് ആകെക്കൂടി 11,857 സ്ഥാപനങ്ങളിൽ നിന്നായി 185,751 പേർ പങ്കെടുത്തു.

ഏറ്റവും ഉയർന്ന പുരസ്കാരം ആദ്യമായി രണ്ട്വിഭാഗങ്ങളിലും ഒരേ ഭാഷക്കായിരുന്നു – തെലുംഗ്. ഒന്നാം വിഭാഗത്തിൽ നന്ദ്യാൽ ഗുഡ് ഷെപ്പേർഡ് ഇംഗ്ലീഷ് മിഡിയം സ്കൂളിലെ പത്താം തരം വിദ്യാർഥി എസ്.ദിയ നിസ്സിക്കും രണ്ടാം വിഭാഗത്തിൽ ശ്രീകാകുളം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് മെഡിക്കൽ സയ്ൻസസിലെ എം.ബി.ബി.എസ്. അവസാനവർഷ വിദ്യാർഥി താടി സുജോയ് കിരണിനും ലഭിച്ചു.

രണ്ട് ഉയർന്ന വിജയികളുടേയും പ്രബന്ധങ്ങൾ എസ്.അർ.സി.എം. വെബ്സൈറ്റ്: www.sahajmarg.org/essay-event–ൽ മറ്റു ജേതാക്കളുടെ പ്രബന്ധങ്ങളിലെ പ്രസക്ത ഭാഗങ്ങളടക്കം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുൻപതിവുപോലെ, സമ്മാനവിതരണാഘോഷങ്ങൾ എസ്.അർ.സി.എം.ൻെറ വിവിധ സെൻററുകളിൽ നടത്തപ്പെടുകയും അതിന് സമ്മാന ജേതാക്കളും അവരുടെ രക്ഷിതാക്കളും അധ്യാപകരും പങ്കെടുക്കുകയും, അങ്ങനെ അവർക്കെല്ലാം മിഷനെക്കുറിച്ച് അറിയുവാനുള്ള അവസരം ലഭിക്കുകയും ചെയ്തു.


ജോധ്പൂർ


തിരുപ്പൂർ


പാലി


ലക്നൗ


കൊൽകത്ത



പട്ണ


തിരുചിരപള്ളി



മൈസൂർ

ശ്രീ രാം ചന്ദ്ര മിഷൻ

എക്കോസ് ഇന്ത്യ വാർത്താപത്രിക

# അഖിലേന്ത്യാ പ്രബന്ധരചനാ മത്സരം സമ്മാനദാനച്ചടങ്ങുകൾ


അലഹബാദ്


ബികാനേർ


ബിജ്നോർ



ശ്രീ ഗംഗാനഗർ



ഉജ്ജയിൻ


ഔറംഗബാദ്


പൈഥാൻ


കോവിൽപട്ടി


ബസവകല്യാൺ


വള്ളിയൂർ


ഹുബ്ലി


ആലുവ


ഗുൽബർഗ



ലാൽപാനിയ


മധുരൈ


നോർത്ത് പറവൂർ


സിതാപൂർ


പാലക്കാട്


മുംബൈ


സിലിഗുഡി


തിരുചെന്ദൂർ



റാഞ്ചി

ശ്രീ രാം ചന്ദ്ര മിഷൻ

എക്രോസ് ഇന്ത്യ വാർത്താപത്രിക





## യുവാക്കൾക്കായുള്ള പരിപാടികൾ

### വിശാഖപട്ടണം, ആന്ധ്രപ്രദേശ്

2015 ജനുവരി 17നു വിശാഖപട്ടണം സെൻറർ 50 യുവാക്കൾക്കായുള്ള സോണൽ യൂത്ത് സെമിനാറിനു ആതിഥ്യം വഹിച്ചു. സഹോ. ആദിനാരായണ (സോണൽ ഇൻ ചാർജ് എപി1(ബി)) യുവാക്കളെ അവരുടെ അഹന്തയിൽ നിന്നു വിമുക്തരാവാൻ വേണ്ടി ഉപദേശിക്കുകയും അവരിൽ സ്നേഹം വർദ്ധിപ്പിക്കുന്ന സേവനത്തിൻെറ പ്രാധാന്യത്തെ പറ്റി ഊന്നിപ്പറയുകയും, സാധന പതിവായി ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

പരിപാടിയിൽ പങ്കെടുത്തവർ പ്രഭാഷണങ്ങളും അവതരണങ്ങളും യുവാക്കളെ സംബന്ധിച്ച വിസ്പേർസ് സന്ദേശങ്ങളും ശ്രദ്ധിച്ചു. രസകരമായ ടീം ബിൽഡിംഗ് പ്രവർത്തനത്തിൽ അവർ പല സംഘങ്ങളായി തിരിയുകയും ഏൽപ്പിച്ച ജോലികൾ ചെയ്തുതീർക്കുകയും ചെയ്തു. ഉച്ചക്കു ശേഷമുള്ള പരിപാടി 3.30 വരെ നീണ്ടുനിന്ന ആഗോള വെബിനാറുമായി സംയോജിപ്പിച്ചു. പരിണാമത്തിനു അത്യാവശ്യമായ ഗുണങ്ങൾ ലോകത്താകമാനമുള്ള അഭ്യാസികൾ വളർത്തിയെടുക്കുന്നത് അറിയാൻ ഈ പരിപാടി താൽപ്പര്യമുണർത്തി. വൈകുന്നേരത്തെ സത്സംഗത്തോടെ പരിപാടി സമാപിക്കുകയും ആറു മാസത്തിനുള്ളിൽ നടത്തുന്ന അടുത്ത യുവാക്കളുടെ പരിപാടിക്ക് സഹോ. സപ്തമുകുലു അവരെ ക്ഷണിക്കുകയും ചെയ്തു.

### ഹൽദ്വാനി ആശ്രമം, ഉത്തരാഖണ്ഡ്

ഈ മേഖലയിലുള്ള 82 യുവാക്കൾക്കു വേണ്ടി ‘പരിശുദ്ധിയാൽ നെയ്തെടുക്കുന്ന വിധി’ എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാർ ജനുവരി 24 മുതൽ 26 വരെ ഹൽദ്വാനി ആശ്രമത്തിൽ വെച്ചു നടത്തി. സെമിനാർ ആരംഭിച്ചത് ഉത്സവ പ്രതീതിയിലായിരുന്നു, ആശ്രമം മോടിയായി അലങ്കരിക്കുകയും 24 നു വൈകുന്നേരം ആഘോഷമായി ദീപന്തങ്ങൾ കത്തിക്കുകയും ചെയ്തു. 25നു രാവിലെ സഹോ. ബി.എസ്.ഷിഫാൽ (സോണൽ ഇൻ ചാർജ്), സംഘത്തെ അഭിസംബോധന ചെയ്തു. പ്രശസ്ത പ്രകൃതിഛായാഗ്രാഹകനും പർവ്വതാരോഹകനുമായ അനൂപ് ഷാ ഒരുക്കിയ ഒരു വിനോദ ശിൽപ്പശാല ഉച്ചക്കുശേഷം ഉണ്ടായിരുന്നു. സമർപ്പണം, സ്നേഹം, ഏറ്റെടുത്ത ജോലിയോടുള്ള ഗൗരവപൂർണ്ണമായ സമീപനം എന്നിവയിലാണു ശിൽപ്പശാല ഊന്നൽ കൊടുത്തത്. നിത്യ സാധനയോടുള്ള സമർപ്പണം, സ്വഭാവരൂപീകരണം, ഒരാൾ പുരോഗമിക്കുമ്പോൾ വ്യക്തിത്വത്തിലുണ്ടാവുന്ന മാറ്റങ്ങൾ എന്നീ വിഷയങ്ങളും പ്രമേയമായി. ഈ ആശ്രമത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങളുടെ വീഡിയോ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു സാംസ്ക്കാരിക പരിപാടിയും, തുടർന്ന് കബീറിൻെറ ജീവിതവുമായി ബന്ധപ്പെട്ട ഒരു നാടകവും ഉണ്ടായിരുന്നു. അതിനെ തുടർന്ന് ഒരു പാരസ്പര്യ പരിപാടി ഉണ്ടായി. ജനുവരി 26നു അവിടെ പതാക ഉയർത്തലും വിടപറയൽ പ്രസംഗവും ഭാവിയിൽ വരാനിരിക്കുന്ന പരിപാടികളെ കുറിച്ചുള്ള കാഴ്ച്ചപ്പാടുകളുടെയും നിർദ്ദേശങ്ങളുടെയും പങ്കുവെക്കലുകളും ഉണ്ടായിരുന്നു.

### കോലാർ ആശ്രമ സന്ദർശനം, കർണ്ണാടക

ഫിബ്രവരി 8നു ബനശങ്കരി ആശ്രമത്തിൽ നിന്നു 21 യുവാക്കൾ കോലാർ ആശ്രമത്തിലേക്കു യാത്ര ചെയ്തു. ബെംഗളൂരിൽ നിന്നുള്ള സംഘത്തിനു പുറമെ കോലാർ ആശ്രമത്തിൽ നിന്നും കുപ്പം സെൻററിൽ നിന്നുമുള്ള പത്തോളം പ്രതിനിധികളും ഇതിൽ പങ്കുചേർന്നു.

പരിചയപ്പെടലിനു ശേഷം പല സംഘങ്ങളായി തിരിഞ്ഞ് മിഷൻ സംബന്ധമായ പദപ്രശ്നം ചെയ്തു. ലക്ഷ്യവും ലക്ഷ്യത്തോടുള്ള സമീപനവും യുവാക്കൾ പുന:ക്രമീകരിക്കേണ്ടതിൻെറ ആവശ്യം സംബന്ധിച്ച ആത്മപരിശോധന തുടർന്നുണ്ടായി. സമീപകാലത്ത് ബഹു. കമലേഷ്ജി നൽകിയ 4 നിർദ്ദേശങ്ങൾ എങ്ങനെ പരിശീലിക്കണം എന്നതിനെ പറ്റി ഒരു ചെറിയ അറിവ് അവർക്ക് കൊടുത്തു. വിജയിക്കാനാവശ്യമായ സഹജമാർഗ്ഗത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ നൽകുന്ന പരിപാടിയും ഒരു നിധി വേട്ടയും ഉണ്ടായിരുന്നു. ഉച്ചക്കു ശേഷം സംഘം ബാംഗളൂരിലേക്ക് തിരിച്ചു. പ്രാദേശിക അഭ്യാസികളുടെ സ്നേഹപൂർണ്ണമായ പരിചരണത്തിൽ കുറച്ചു സമയം ആശ്രമത്തിൽ ചിലവിട്ടതിൻെറ സന്തോഷം അവർക്കുണ്ടായിരുന്നു.





## കുട്ടികളുടെ ശീതകാല ക്യാമ്പ്, അഹമദാബാദ്, ഗുജറാത്ത്

ജനുവരി 24–26 തിയതികളിൽ അഹമദാബാദ് അദലജ് യോഗാശ്രമത്തിൽ കുട്ടികൾക്കായി ഒരു ക്യാമ്പ് നടത്തി. 24ന സ്വാഗത പ്രസംഗത്തോടുകൂടി പരിപാടി ആരംഭിച്ചു. കുട്ടികൾ 'കുശി' എന്ന കളിയിലൂടെ സ്വയം പരിചയപ്പെടുത്തി. ഈ കളി വഴി അവർ "മറ്റുള്ളവർക്ക് സന്തോഷം നൽകിയാൽ നിങ്ങൾക്കും സന്തോഷം ലഭിക്കും" എന്ന ആശയം വെളിപ്പെടുത്തി. അതിനുശേഷം ഉള്ളിച്ചെടികൾ നടുവാൻ അവരെ പഠിപ്പിച്ചു. അതിനെ തുടർന്ന് ഒരു ക്വിസ് പരിപാടിയും തുടർന്ന് ചെറിയ പ്രയാസമില്ലാത്ത കാര്യങ്ങൾചെയ്യാനും അവരെ പഠിപ്പിച്ചു. സ്വയംസംരക്ഷണം, ആരോഗ്യമുള്ള ഭക്ഷണം, ആരോഗ്യ ജീവിതം എന്നിവയെപ്പറ്റിയും പരിപാടികൾ ഉണ്ടായിരുന്നു.രാത്രി ഭക്ഷണത്തിനുശേഷം കുട്ടികൾ അഗ്നികുണ്ഠത്തിനു ചുറ്റും പാട്ടുപാടി നൃത്തം ചെയ്തു. അടുത്ത ദിവസം അവരെ വിക്രം സാരാഭായ് കമ്മ്യൂണിറ്റി കേന്ദ്രത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. വൈകുന്നേരം തിരിച്ചു വന്നതിനുശേഷം കുട്ടികൾ സാസ്കാരിക പരിപാടികളിലും കളികളിലും പങ്കെടുത്തു. ജനുവരി 26–ന് റിപബ്ലിക് ദിനം ഉത്സാഹത്തോടുകൂടി ആഘോഷിച്ചു. പതാക ഉയർത്തി ദേശീയഗാനം ആലപിച്ചു. കായിക മത്സരങ്ങളും കളികളും, പാരിതോഷികവിതരണവും ഉണ്ടായിരുന്നു. ഉച്ച ഭക്ഷണത്തിനുശേഷം പരിപാടി അവസാനിച്ചു. കുട്ടികൾ പുതിയ സ്നേഹിതന്മാരെ കണ്ടുപിടിച്ചു, പുതിയ കാര്യങ്ങൾ പഠിച്ചു, പുതിയ കഴിവുകൾ പ്രദർശിപ്പിച്ചു.

## വാർഷിക ദിനാഘോഷം, കൊൽകത്ത

2003 ഡിസംബർ 24–നാണ് ചാരിജി മഹരാജ് കൊൽക്കത്തയിലെ ബാബുജി മെമ്മോറിയൽ ആശ്രമം ഉത്ഘാടനം ചെയ്തത്. അതിനുശേഷം എല്ലാ വർഷവും ഈ ദിവസത്തെ വാർഷിക ദിനമായി ആഘോഷിക്കാറുണ്ട്. ആ ദിവസം കായിക മത്സരങ്ങളും മറ്റുപരിപാടികളും പ്രത്യേകിച്ച് കുട്ടികൾക്കായി നടത്താറുണ്ട്. ഈ വർഷം ഇത് ജനുവരി 18–ന നടത്തി.

അന്നേ ദിവസം വളണ്ടിയർമാരും യുവാക്കളും 32 പരിപാടികൾ സംഘടിപ്പിച്ചു. എല്ലാവരും ഇത് ആസ്വദിച്ചു. പ്രത്യേകിച്ചും ഓടേണ്ട ആവശ്യമില്ലാത്ത കളികൾ മുതിർന്നവരും ആസ്വദിച്ചു. എല്ലാ പരിപാടികളും ജീവിത മൂല്യങ്ങളും ക്രിയാത്മക പ്രവർത്തനങ്ങളും ലക്ഷ്യമാക്കിയായിരുന്നു ആവിഷ്ക്കരിച്ചിരുന്നത്. ഒരു ദിവസം ആശ്രമത്തിൽ ചെലവഴിക്കാനും, ദൈവീക അന്തരീക്ഷം അനുഭവിക്കാനും, സാഹോദര്യം വളർത്താനും എല്ലാവർക്കും ഈ പരിപാടി ഉപയോഗപ്പെട്ടു.

## മേഖലാതല മീറ്റിങ്ങ്, ഹരിയാന

ഫെബ്രുവരി 8–ന സോനിപത് ആശ്രമത്തിൽ ഒരു മേഘലാതല മീറ്റിങ്ങ് സോണൽ അധികാരി ഡോ. സത്യ മംഡൽ നടത്തി. ഇതിൽ ഹരിയാനയിലെ 37 പ്രിഫെക്റ്റുമാരും, വളണ്ടിയർമാരും മറ്റു കാര്യ നിർവാഹകരും പങ്കെടുത്തു. അതാത് സ്ഥലങ്ങളിൽ നിന്നു വന്ന പ്രിഫെക്റ്റുമാരും, വളണ്ടിയർമാരും അവരവരുടെ കേന്ദ്രങ്ങളിൽ പ്രവർത്തന രംഗത്തുണ്ടായ വളർച്ചയും 2014–ൽ അവർ അഭിമുഖീകരിച്ച പ്രശ്നങ്ങളും അവതരിപ്പിച്ചു. പാനിപത്, രോഹ്റ്റക് എന്നീ സ്ഥലങ്ങളിൽ ആശ്രമം നിർമ്മിക്കാൻ മാസ്റ്റർ അനുവാദം നൽകിയെന്ന വിവിരം അറിഞ്ഞ് അവിടെ ഉണ്ടായിരുന്ന അഭ്യാസി സഹോദരി സഹോദർന്മാർ അത്യധികം സന്തോഷിച്ചു. ഓരോ സ്ഥലത്തും അനുഭവപ്പെടുന്ന തടസ്സങ്ങൾ ചർച്ച ചെയ്തു പരിഹാര മാർഗങ്ങൾ നിർദ്ദേശിച്ചു. പങ്കെടുത്ത 37 അംഗങ്ങളും കഴിഞ്ഞ വർഷം നടത്തിയ പ്രവർത്തനങ്ങളെ വിശദീകരിച്ചു. അതിനു ശേഷം ഈ സോണിൽ U-connect പരിപാടി നടപ്പിലാക്കിയതിനെപ്പറ്റി ഒരു ചുരുങ്ങിയ അവതരണം ഉണ്ടായിരുന്നു.



ശ്രീ രാം ചന്ദ്ര മിഷൻ

എക്കോസ് ഇന്ത്യ വാർത്താപത്രിക

## വാർത്താശകലങ്ങൾ

### ജയ്പൂർ, തെലുംഗാന



ജനുവരി 10,11 തീയതികളിൽ ജയ്പൂർ ആശ്രമത്തിൽ നടത്തിയ ആത്മാവലോകന പരിപാടിയിൽ 35 അഭ്യാസികൾ പങ്കെടുത്തു. 'അദ്ദേഹത്തിൻെറ കാഴ്ചപ്പാട് പങ്കുവെക്കുക', 'അദ്ദേഹത്തിൻെറ കാഴ്ചപ്പാടിനെ സക്ഷാത്കരിക്കുക' എന്നീ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു ഈ പരിപാടി. മാസ്റ്ററുടെ സമീപ കാലത്തെ പ്രഭാഷണങ്ങളിൽ നിന്നും തിരഞ്ഞെടുത്ത പ്രധാനപ്പെട്ട ഭാഗങ്ങൾ ഇതിൽ പങ്കുവെച്ചു. മണപാക്കത്തിൽ നവംബറിൽ സംഘടിപ്പിച്ച യുവാക്കളുടെ സെമിനാ റിൽ നിന്നുള്ള പ്രധാന സന്ദേശങ്ങളും ഫെസിലിറ്റേറ്റർമാർ അവരുമായി പങ്കുവെച്ചു.



### തിരുപ്പൂർ, തമിഴ്നാട്

ജനുവരി 25–ന് ചെട്ടിപാളയം ആശ്രമത്തിൽ 47 അഭ്യാസികൾക്കായി ദശസൂക്തങ്ങളെ അധികരിച്ച് ഹിന്ദിയിൽ ഒരു പരിപാടി സംഘടിപ്പിച്ചു. ഇതേ പരിപാടി 26, 27 തീയതികളിലായി ഇംഗ്ലീഷിലും നടത്തി. തിരുപ്പൂർ, ഷൊലവന്ദൻ, ബാംഗ്ലൂർ എന്നീ സെൻററുകളിൽ നിന്നായി 57 പേർ ഈ പരിപാടിയിൽ പങ്കെടുത്തു. ഓരോ സൂക്തവും വിശദമായി വിവരിച്ചു. എല്ലാ ദിവസവും വൈകുന്നേരം ചോദ്യോത്തരവേളയും തങ്ങളുടെ അനുഭവജ്ഞാനം പങ്കിടുവാനുള്ള അവസരവും ഉണ്ടായിരുന്നു. ദൈനംദിന ജീവിതത്തിൽ ദശസൂക്തങ്ങൾ പാലിക്കുന്നതിൽ നേരിട്ടിരുന്ന പല സംശയങ്ങളും ഇതു വഴി നിവാരണം ചെയ്യപ്പെട്ടു.

### ചിക്മംഗളൂർ, കർണ്ണാടകം

ജനുവരി 11, ഞായറാഴ്ച, ചിക്മംഗ്ലൂർ സെൻറർ അഭ്യാസികളുടെ കുടുംബസംഗമത്തിനു സാക്ഷ്യം വഹിച്ചു. എല്ലാ അഭ്യാസികളും സകുടുംബം ഇതിൽ പങ്കുചേരുകയും, അവിടെ സംഘടിപ്പിച്ചിരുന്ന കളികളിൽ അത്യുത്സാഹത്തോടെ പങ്കെടുക്കുകയും ചെയ്തു. വിജയികൾക്ക് സമ്മാനങ്ങളും നൽകുകയുണ്ടായി.



### ഗുൽബർഗ, ഉത്തര കർണ്ണാടകം

ദേശീയ യുവജന ദിനാചരണ വേളയിൽ, ഇന്നത്തെ നമ്മുടെ സമൂഹത്തിലെ യുവജനങ്ങളുടെ അവസ്ഥയെക്കുറിച്ചും അത് മെച്ചപ്പെടുത്താൻ അവർക്കു ചെയ്യുവാൻ പറ്റുന്ന കാര്യങ്ങളെക്കുറിച്ചും അധികരിച്ച് ഒരു പരിപാടി ജനുവരി 13–ന് അപ്പ പബ്ലിക് സ്കൂളിൽ നടത്തുകയുണ്ടായി. സഹോ. ഡോ.ഗജേന്ദ്ര സിങ്ങും(ZIC -Zone 4A) സഹോ. ശ്രീകാന്ത് ജോഷിയും ഈ പരിപാടിയിൽ ക്ഷണിതാക്കളായിരുന്നു. സ്നേഹത്തിൻെറയും പ്രചോദനത്തിൻെറയും ഉറവിടമായ നമ്മുടെ ഹൃദയവുമായി ഏതൊരവസരത്തിലും നാം ബന്ധപ്പെട്ടിരിക്കണമെന്ന് ഡോ. ഗജേന്ദ്ര സിംഗ് യുവാക്കളോട് ആവശ്യപ്പെട്ടു. 200ലേറെ വിദ്യാർത്ഥികളും അധ്യാപകരും മറ്റു സ്റ്റാഫും അടങ്ങുന്ന സംഘം ഈ പരിപാടിയിൽ പങ്കെടുത്തു.



## തുറന്ന സദസ്സുകൾ



**സിർസി, ഉത്തര കർണ്ണാടകം:** ജനുവരി 24ന് ഫോറെസ്റ്റ് കോളജിൽ സംഘടിപ്പിച്ച പരിപാടിയിൽ 50 ആധ്യാത്മിക കാംക്ഷികൾ പങ്കെടുത്തു. ഇതിൽ 21 പേർ തങ്ങളുടെ പ്രാരംഭ സിറ്റിംഗ് എടുത്തു. ജനുവരി 25ന്, കോളെജ് ഓഫ് ഹോർട്ടികൾച്ചറിൽ നടത്തിയ പരിപാടിയിൽ 16 പേർ ധ്യാനം തുടങ്ങാൻ സന്നദ്ധത പ്രകടിപ്പിച്ചു.



**ഖരഗ്പൂർ, പശ്ചിമ ബംഗാൾ:** ജനുവരി 25–ന് നടത്തിയ പരിപാടിയിൽ പങ്കെടുത്ത 60 ആധ്യാത്മിക കാംക്ഷികളിൽ 30 പേർ ധ്യാനം ആരംഭിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു.

## മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി

8 സെൻററുകളിലെ 15 സ്കൂളുകളിലായി 2014–15 വിദ്യാഭ്യാസ വർഷത്തിൽ നവീകരിച്ച മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി SHPT നടപ്പിലാക്കി. ഇത് വരുംവർഷങ്ങളിൽ കൂടുതൽ സ്കൂളുകളും സെൻററുകളും ഈ പരിപാടി നടപ്പിലാക്കുന്നതിന് തയ്യാറെടുക്കുന്നതായ ആവേശകരമായ അനുഭവമായിരുന്നു. പാഠ്യവിധാനം ലഭിക്കുന്ന വിവരങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുകയും അതിനുവേണ്ട പരിശീലനം നൽകുകയും ചെയ്യും. നിങ്ങളുടെ മേഖലയിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പ്രവർത്തികൾ തുടങ്ങുന്നതിനായി ഈ വെബ്സൈറ്റ് സന്ദർശിക്കുക http//www.sahajmarg.org/resources/programs/values-education

### ട്രിച്ചി സെൻറർ, തമിഴ്നാട്



2014–15 അദ്ധ്യയന വർഷത്തിൽ ശ്രീ ശിവാനന്ദ ബാലാലയ സ്കൂളിലെ ഹയർ സെക്കൻററി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ഈ പരിപാടി നടത്തി. 2014 ജൂൺ 3–ന് ഒരു പ്രാരംഭിക അവതരണ ത്തോടെ തുടങ്ങി. ഈ പരിപാടി പ്രവർത്തികൾ, കഥകൾ, വീഡിയോ എന്നിവയിലൂടെയായതിനാൽ കുട്ടികൾ ക്ലാസ്സുകളിൽ ആവേശത്തോടെ പങ്കെടുത്തു. ആത്മപരിശോധനാത്മക സമയം അവതാരകർക്കും കുട്ടികൾക്കും ജിവിത നിപുണതകളെ മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കുന്നതിന് സഹായകമായി. 2015 ഫെബ്രുവരി 7–ന് ഈ പരിപാടി അവസാനിച്ചു. അധ്യാപകരും കുട്ടികളും ഈ ക്ലാസ്സുകളിലൂടെ അനുഭവപ്പെട്ട അനുകൂല മാറ്റങ്ങളെ അനുഭവിച്ച് അതീവ സന്തുഷ്ടരും വരുംവർഷങ്ങളിൽ ഇത്തരം ക്ലാസ്സുകളിൽ തുടരുന്നതിന് തൽപ്പരരും ആയിരുന്നു.

## പുതിയ പ്രസിദ്ധീകരണങ്ങൾ




കമെൻററി ഓൺ ടെൻ മാക്സിംസ് – ബംഗാളി




കമെൻററി ഓൺ ടെൻ മാക്സിംസ് & എഫികസി ഓഫ് രാജയോഗ റഷ്യൻ ഓഡിയോബുക്




വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ് സ്പാനിഷ് ഓഡിയോബുക്

വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ് – എ ഫിഫ്ത് റിവിലെഷൻ

ഫ്രഞ്ച്




### കോൺസ്റ്റൻറ് റിമംബ്രൻസ് – ഇംഗ്ലീഷ്

ഈ ജനുവരി ലക്കം നമ്മുടെ മാസ്റ്ററുടെ, ചാരിജി മഹരാജിൻെറ ജീവിതവും പ്രവർത്തിയും സ്മരിച്ചുകൊണ്ടുള്ള പ്രത്യേക പതിപ്പാണ്. എല്ലാ വരിക്കാർക്കും കോപ്പി ലഭിക്കും, കൂടാതെ ഈ പതിപ്പ് ബുക്ക് സ്റ്റാളുകളിലും കോർപ്പസ് വിഭാഗത്തിലും വിൽപ്പനയിലൂടെ ലഭ്യമാകും.

### അറിയിപ്പ്

പൂജ്യ ബാബുജി മഹരാജിൻെറ ജന്മദിനാഘോഷം ലക്നൗവിൽ (യു.പി., ഇന്ത്യ) ഏപ്രിൽ 29 മുതൽ മേയ് 1 2015 വരെ നടത്തുന്നതായിരിക്കും.

നമ്മുടെ പ്രിയപ്പെട്ട ചാരിജി മഹരാജിൻെറ ജന്മദിനാഘോഷം തിരുവള്ളൂരിൽ (തമിഴ്നാട്, ഇന്ത്യ) വെച്ച് 2015 ജൂലായ് 23 മുതൽ 25 വരെ നടത്തുന്നതായിരിക്കും.

ശ്രീ രാം ചന്ദ്ര മിഷൻ എക്കോസ് ഇന്ത്യ വാർത്താപത്രിക

# ലയ യോഗാശ്രമം, വാരണാസി, ഉത്തർ പ്രദേശ്

## പ്രകാശകേന്ദ്രം





വാരണാസി കേന്ദ്രത്തിൽ ഞായറാഴ്ച സത്സംഗം 1989–ൽ ആണ് ആരംഭിച്ചത്. 1989 മുതൽ 2001 വരെ, ആശ്രമഭൂമിയിൽ താൽക്കാലിക ധ്യാനഹാൾ തയ്യാറാക്കുന്നതുവരെ സത്സംഗം നടത്തുന്ന സ്ഥലം മാറിക്കൊണ്ടേയിരുന്നു.

**ആശ്രമത്തിൻെറ ഉത്ഭവം**

2001ൽ അദ്ദേഹത്തിൻെറ സന്ദർശനവേളയിൽ മാസ്റ്റർ ഡോക്ടർ പ്രസന്നകൃഷ്ണ(CIC)–യോട് സാർനാഥിൽ ആശ്രമത്തിനായി ഒരു സ്ഥലം കണ്ടെത്തുവാൻ പറഞ്ഞു. 2001 ജൂലായ് 5ന്, 5438 ച.അടിയുള്ള ഒരു ഭൂമി ശ്രീ രാം ചന്ദ്ര മിഷൻെറ പേരിൽ ഡോക്ടർ പ്രസന്നകൃഷ്ണ, CIC രജിസ്റ്റർ ചെയ്തു. മാസ്റ്റർ ഡിസമ്പർ 16ന് വാരണാസി സെൻറർ സന്ദർശിച്ച് അടിത്തറക്കല്ലിടുകയും താൽക്കാലിക ധ്യാന ഹാൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 2005ൽ, മാസ്റ്റർ പുതിയ ധ്യാനഹാളിൻെറ നിർമ്മാണത്തിന് അംഗീകാരം നൽകുകയും 2006 ഫെബ്രുവരി 16–ന് അടിത്തറക്കല്ലിടുകയും ചെയ്തു.

ധനസമാഹരണത്തിനും ആശ്രമ രൂപരേഖ അംഗീകാരത്തിനും ഏകദേശം നാലു കൊല്ലം എടുത്തു. 2009 നവമ്പർ 2–ന് സഹോ.യു.എസ്. ബാജ്പേയിയുടെ സാന്നിദ്ധ്യത്തിൽ പുതിയ ധ്യാനഹാളിൻെറ നിർമ്മാണം ആരംഭിച്ചു. മുകളിൽ താമരയോടെ അഷ്ടവക്രാകൃതിയിലുള്ള ധ്യാന ഹാൾ മേയ് 2011–ൽ തയ്യാറായി. ചെന്നൈയിൽനിന്നുമുള്ള വീഡിയോ മുഖേന മാസ്റ്റർ ആശ്രമം 2011 ഡിസമ്പർ 4–ന് ഉദ്ഘാടനം ചെയ്ത് സമർപ്പിച്ചു. ഈ മംഗള മുഹൂർത്തത്തിൽ ഏകദേശം 1000 അഭ്യാസികൾ സന്നിഹിതരായിരുന്നു.

> ‘സഹജമാർഗ്ഗം സ്നേഹത്തിൻെറ പ്രതീകമാണ്. നാം ഈ സ്ഥലം നമ്മുടെ അദ്ധ്യാത്മിക പുരോഗതിക്കായി ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. ശത്രുതയ്ക്ക് സഹജമാർഗ്ഗത്തിൽ ഒരു സ്ഥാനവുമില്ല.‘
>
> പാർത്ഥസാരഥി രാജഗോപാലാചാരി,
> 2011 ഡിസംബർ 4, ചെന്നൈ

**പ്രവർത്തങ്ങൾ**

മേഖലാ തലത്തിലുള്ള യുവാക്കളുടെ ശിൽപശാലകൾ, വി.ബി.എസ്.ഇ. ശിൽപശാലകൾ, GITP തുടങ്ങിയവ ഇവിടെ സംഘടിപ്പിക്കാറുണ്ട്. കഴിഞ്ഞ പത്തു കൊല്ലമായി അഖിലേന്ത്യാ പ്രബന്ധരചന പരിപാടിയിൽ ഈ സെൻറർ പങ്കെടുക്കുന്നുണ്ട്.

ഇപ്പോൾ 1352 അഭ്യാസികളുടെ അംഗബലമുള്ള സെൻററിൽ 325 ഓളം അഭ്യാസികൾ ഞായറാഴ്ച്ച സത്സംഗിൽ പതിവായി പങ്കെടുക്കുന്നുണ്ട്.

ഭക്ഷണ മുറി, മാസ്റ്ററുടെ ഓഫീസും വസതിയും, ലൈബ്രറി, IT മുറി, അക്കൗണ്ട്സ് മുറി, GITP പരിശീലന ഹാൾ, ആശ്രമം ഓഫീസ്, താമസ സൗകര്യം, പൂന്തോട്ടം, കുട്ടികൾക്കായുള്ള മുറി, സൂക്ഷിപ്പുകാരനുള്ള മുറി എന്നീ സൗകര്യങ്ങൾ ഇവിടെയുണ്ട്.







To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2015 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.